TB Movie Panel Weekly Review

**#moviepanel**

കാപ്പ:

എഴുതിയത് : Lijo Rachel George

വെറും ആറു മാസങ്ങളുടെ മാത്രം ഇടവേളയിൽ ഷാജി കൈലാസ് -പൃഥ്വിരാജ് കൂട്ടുകെട്ടിൽ റിലീസായ രണ്ടാമത്തെ 'മാസ്സ് ആക്ഷൻ ത്രില്ലർ' ചലച്ചിത്രമാണ് കാപ്പ.കേരളത്തിൽ നിലവിലുള്ള ഒരു നിയമവുമായി ബന്ധപ്പെടുത്തി ഉപയോഗിക്കുന്ന വാക്കാണ് കാപ്പ;അത് തന്നെയാണ് ഈ ചിത്രത്തിന്റെ ടൈറ്റിലിന്റെ പ്രചോദനവും.

നമ്മുടെ തലസ്ഥാനമായ തിരുവനന്തപുരത്തെ ജീവിതങ്ങളെ മറ്റൊരു വീക്ഷണത്തിലൂടെ കാണിക്കുന്ന സിനിമ -അതാണ് കാപ്പ. ഈ നാട്ടിൽ ജനിച്ചു വളർന്ന സംവിധായകനും നായകനും ആണ് സിനിമയ്ക്കുള്ളത് എന്നതും ഒരു പ്രത്യേകതയാണ്.ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നടക്കുന്ന സംഭവങ്ങളായാണ് സിനിമ പുരോഗമിക്കുന്നതും.

പൃഥ്വിരാജിന്റെതായി ഈ വർഷമിറങ്ങിയ മാസ്സ് ചിത്രങ്ങളായ, ജനഗണമന,കടുവ എന്നിവയ്ക്ക് സംഗീതം നല്കിയ ജേക്സ് ബിജോയ്ക്കൊപ്പം ഡോൺ വിൻസെന്റും ചേർന്നാണ് സിനിമയ്ക്കു സംഗീതം നല്കിയിരിക്കുന്നത്. ഇതിൽ തന്നെ ജേക്സ് ബിജോയ് ചെയ്ത പ്രോമോ സോങ് ഇതിനോടകം തന്നെ സോഷ്യൽ മീഡിയ ട്രെൻഡിംഗ് ലിസ്റ്റിൽ ഇടം പിടിച്ചിട്ടിട്ടുണ്ട്.തിരുവനന്തപുരം എന്ന ഈ നാട്ടിലുള്ളവർക്കും ഈ നാടിനെ സ്നേഹിക്കുന്നവർക്കും ഒരു പ്രത്യേക ഫീലാണ് ആ പാട്ട് നല്കുന്നതും.

തന്റെ അഞ്ചാമത്തെ സിനിമയായ 'തലസ്ഥാനം' മുതലിങ്ങോട്ട്,മാസ്സ്- ആക്ഷൻ ചിത്രങ്ങൾ കൊണ്ടു ഹിറ്റുകൾ വാരിക്കൂട്ടി തുടങ്ങിയ ഷാജി കൈലാസിന്റെ ആ ജൈത്ര യാത്ര പിന്നീട് ഏകലവ്യൻ, മാഫിയ,കമ്മീഷണർ,രുദ്രാക്ഷം, എന്നിവയ്ക്ക് ശേഷം റിലീസ് ആയ വർഷത്തെ റെക്കോർഡ് കളക്ഷൻ നേടി ആറാം തമ്പുരാനും (1997) നരസിംഹവും (2000) വരെയും തുടർന്നെങ്കിലും ഹിറ്റ് മേക്കർ ചാർട്ടിൽ തന്റെതായ സ്ഥാനമുറപ്പിച്ച സംവിധായകന്റെ കരിയർ ഗ്രാഫ്, പുതിയ നൂറ്റാണ്ടിൽ താഴേയ്ക്ക് മാത്രം പോകുന്നതാണ് പിന്നീട് നമ്മൾ കണ്ടത്. പഴയ ആ പ്രൗഢി കുറച്ചെങ്കിലും തിരിച്ചു കിട്ടിയത് 'കടുവ'യിലൂടെ ആയിരുന്നു.

എന്നാൽ കടുവയിൽ നിന്നും കാപ്പയിലേയ്ക്ക് എത്തുമ്പോൾ, പഴയ അതേ മാസ്റ്റർ ക്രാഫ്റ്റ്സ്മാനെയാണ് ഇതിലും കാണാൻ സാധിക്കുന്നത്.കണ്ടും കേട്ടും കുടിച്ചും പഴകിയ വീഞ്ഞ് വീണ്ടും വിളമ്പിയത് ആണെങ്കിലും സംവിധായകന്റെ കയ്യൊപ്പ് പതിഞ്ഞ കിടിലൻ ഷോട്ടുകളും മനോഹരമായ വിഷ്വലുകളും ഒക്കെ ചേർന്ന നല്ലൊരു എന്റെർറ്റെയിനർ ആണ് കാപ്പ.വയലൻസിനു വയലൻസ്, ഫൈറ്റിനു നല്ല ഗംഭീരം ഫൈറ്റ്, കിടു ബിജിഎം, നോൺ-ലീനിയർ രീതിയിലുള്ള കഥ പറച്ചിലും ഒക്കെയായി മൊത്തത്തിൽ സിനിമയുടെ മേക്കിങ് അത്യുഗ്രനാണ്. ഈ നാട്ടിലെ ഭാഷാ ശൈലിയോടും ഏറെക്കുറെ നീതി

പുലർത്തിയിട്ടുണ്ട് എന്നാണ് തോന്നിയത്.

സിനിമയിൽ വയലൻസ് ഉണ്ടോന്ന് ചോദിച്ചാൽ അത്യാവശ്യം ഉണ്ട്, പക്ഷെ മുൻപറഞ്ഞ 90s ചിത്രങ്ങൾ വെച്ചു നോക്കുമ്പോൾ കാപ്പയിൽ അത്ര വയലൻസ് തോന്നിയില്ല. അതിനൊരു കാരണവും ഉണ്ട്, വയലൻസ് കഴിഞ്ഞുള്ള തൊട്ടടുത്തു വരുന്ന കിടിലൻ ഷോട്ടും വിഷ്വലും പ്രേക്ഷകരുടെ ശ്രദ്ധ ആ വിഷ്വലിലേയ്ക്ക് നമ്മളെ കൊണ്ടു പോകുന്നു എന്നതാണത്.ചിത്രത്തിന്റെ ഛായാഗ്രഹണം ജോമോൻ ടി ജോണും എഡിറ്റിംഗ് ഷമീർ മുഹമ്മദും ആണ്.

മറ്റു ഭാഷകളിലെ പോലെ മലയാളത്തിലും ബിഗ് ബജറ്റ് മാസ്സ് ചിത്രങ്ങൾ വരണം, അത് തിയേറ്ററിൽ ഓടണം എന്നൊക്കെ വ്യക്തിപരമായി ആഗ്രഹിക്കുന്ന ഒരു മുൻനിര നടനെന്ന നിലയിൽ, കൂടുതൽ മാസ്സ് ചിത്രങ്ങൾ നിർമ്മിക്കാനും അവയിൽ വൈവിദ്ധ്യമുള്ള കഥാപാത്രങ്ങളെ അവതരിപ്പിയ്ക്കാനും പൃഥ്വിരാജ് ശ്രദ്ധിക്കാറുണ്ട്.

പറഞ്ഞു വന്നതെന്താണെന്ന് വെച്ചാൽ,അദ്ദേഹത്തിന്റെതായി ഈ വർഷം ഇറങ്ങിയ മൂന്നാമത്തെ മാസ്സ് ചിത്രമാണ് കാപ്പ. ചില സീനുകളിൽ,ഓവർ ആക്ടിങ് എന്ന് വിമർശന ശരങ്ങൾ ഏറ്റുവാങ്ങിയ അരവിന്ദ് സ്വാമിനാഥനു ശേഷം കുര്യച്ചനെന്ന കടുവയെ അഭിനയിച്ചു ഫലിപ്പിക്കാൻ ബലം പിടിച്ചു കഷ്ടപ്പെടുന്ന പൃഥ്വിരാജിനെയും ഒക്കെ നമ്മൾ കണ്ടതാണ്. എന്നാൽ, കൊട്ട മധു, ലുക്ക് കൊണ്ടും മാനറിസം കൊണ്ടും അഭിനയം കൊണ്ടുമെല്ലാം പൃഥ്വിരാജ് എന്ന നടന്റെ കയ്യിൽ ഏറെക്കുറെ ഭദ്രമായിരുന്നു.എന്നാൽ ഇമോഷണൽ സീനുകളിൽ ഒഴികെ ഇടയ്ക്കൊക്കെ ഒരു നിർവികാര-ഗൗരവ ഭാവം തോന്നിയിരുന്നു.ഒരു പക്ഷെ അത്തരത്തിലുള്ള എക്സ്പ്രഷൻ കഥാപാത്രത്തിന്റെ ആൽഫ മെയിൽ സ്വഭാവം കൊണ്ടുമാവാം.മോഡുലേഷൻ വ്യത്യാസം വരുത്താത്ത ഡയലോഗ് ഡെലിവറിയും ചെറിയൊരു അപാകത ആയി തോന്നി.എന്നിരുന്നാലും കൊട്ട മധു പൃഥ്വിരാജിന്റെ മികച്ചൊരു വേഷം തന്നെയാണ് എന്നതിൽ സംശയമില്ല.

ജി.ആർ. ഇന്ദുഗോപന്റെ ''ശംഖുമുഖി' എന്ന നോവലിനെ ആധാരമാക്കി അദ്ദേഹം തന്നെ കഥയും തിരക്കഥയും രചിച്ച ചിത്രമാണ് കാപ്പ.മാസ്സും ക്ലാസും ചേരുന്ന ചിത്രം എവിടെങ്കിലും പിറകോട്ടു പോയിട്ടുണ്ടെങ്കിൽ അത് തിരക്കഥയിലാണ്. സ്ത്രീകൾക്കും അഭിപ്രായ സ്വാതന്ത്ര്യവും വ്യക്തി സ്വാതന്ത്ര്യവും ഒക്കെ ഉണ്ടെന്ന് കാണിക്കാനാണോ തുടക്കത്തിലെ തന്നെയുള്ള സീൻ എന്ന് ആരെങ്കിലും ചിന്തിച്ചു പോയാലും കുറ്റം പറയാനും പറ്റില്ല.

രണ്ടു നായികമാർക്കും അവരുടേതായ എന്തെങ്കിലും ചെയ്യാനുള്ളതോ അല്ലെങ്കിൽ അവരുടെ ഭാഗത്തു നിന്നു കൊണ്ടു കഥ പറയാനോ അല്ലെങ്കിൽ അവരെ പറ്റി കൂടുതൽ പറയാനോ തുടങ്ങി പലതിലും തിരക്കഥയ്ക്ക് ക്ലാരിറ്റി കുറവുള്ളതും,ഇതുപോലൊരു കഥയ്ക്ക് വേണ്ടുന്നതായ ഡെപ്ത്
തിരക്കഥയ്ക്ക് ഇല്ലാതെ പോയത് വലിയൊരു പ്രശ്നം തന്നെ ആണ്.
മോറാലിറ്റിയുടെയും ഇമോഷൻസിന്റെയും
അമിത ഭാരം പേറി വീക്കായി പോയ കഥ ഒരു ഉയിർത്തെഴുന്നേൽപ്പിനു

ശ്രമിക്കുന്നുണ്ടെങ്കിലും എവിടെയും എത്താതെ പെട്ടെന്നങ്ങു അവസാനിക്കുകയാണ്.

പൃഥ്വിരാജ് നായകനായെത്തുന്ന സിനിമയിൽ, ആസിഫ് അലി, ദിലീഷ് പോത്തൻ, അപർണ ബലമുരളി, അന്ന ബെൻ,ജഗദീഷ് മുതലായവർ പ്രധാന വേഷത്തിലെത്തുന്നു. പൃഥ്വിരാജിനെ കൂടാതെ സ്വന്തം വേഷം നന്നായി കൈകാര്യം ചെയ്തത് ജഗദീഷ് ആണ്. ജഗദീഷ് എന്ന നടന്റെ ഇത്രയും നാളത്തെ റോളുകളിൽ നിന്നും തികച്ചും വ്യത്യസ്തമായ വേഷമാണ് ഇതിൽ.നായികമാർക്ക് രണ്ടു പേർക്കും സ്ക്രീൻ സ്പേസ് കുറവായിരുന്നു എന്ന് മാത്രമല്ല, അവസാനം നല്ല ബോറൻ പ്രകടനവുമായിരുന്നു. അന്ന ബെൻ ഒരു മിസ്-കാസ്റ്റ് ആയി പോലും തോന്നി.കൂട്ടത്തിൽ നല്ലത് അപർണ്ണ ആയിരുന്നു എന്ന് മാത്രം.

ഫെഫ്ക writers യൂണിയൻ, തിയേറ്റർ ഓഫ് ഡ്രീംസ്,സാരെഗമ ഇന്ത്യ എന്നിവയുടെ ബാന്നറിൽ ഈ ചിത്രം നിർമിച്ചിരിക്കുന്നത് 5 പേര് ചേർന്നാണ്. ഡിസംബർ 22നു ക്രിസ്മസ് റിലീസ് ആയി തിയേറ്ററിൽ എത്തിയ ചിത്രത്തിന്റെ OTT വിതരണാവകാശം netflix നാണ്.

മൊത്തത്തിൽ, ഒരു മാസ്സ് വിത്ത് ക്ലാസ്സ്, എബോവ് ആവറേജ് ആക്ഷൻ ത്രില്ലർ ആണ് കാപ്പ.